"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നവകേരളം കർമപദ്ധതി II - അന്യത്ര സേവന വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരെ മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.119/2026/PIE&MD തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം 31/2026/പിഐഇ&എംഡി തീയതി 30.01.2026
2. സ.ഉ.(സാധാ) നം. 274/2025/പിഐഇ&എംഡി തീയതി 29.10.2025
3. സ.ഉ.(സാധാ) നം. 256/2025/പിഐഇ&എംഡി തീയതി 10.10.2025
4. നവകേരളം കർമ്മ പദ്ധതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 07.05.2026, 08.05.2026 തീയതികളിലെ കത്തുകൾ

**ഉത്തരവ്**

പരാമർശം 1, 2, 3 ഉത്തരവുകൾ പ്രകാരം താഴെ പറയുന്ന ജീവനക്കാർ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി അന്യത്ര സേവന വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്നു.

| പേര്, തസ്തിക | മാതൃവകുപ്പ് |
|---|---|
| ഡോ. മഹേഷ് എൻ. (ജോയിന്റ് കോർഡിനേറ്റർ, ആർദ്രം മിഷൻ) | ആരോഗ്യ വകുപ്പ് |
| ശ്രീമതി രഞ്ജിനി എസ്. (എറണാകുളം ജില്ലാ കോർഡിനേറ്റർ) | സംസ്ഥാന ആസൂത്രണ ബോർഡ് |
| ശ്രീ. അജയ് പി. കൃഷ്ണ (ഇടുക്കി ജില്ലാ കോർഡിനേറ്റർ) | കോളേജ് വിദ്യാഭ്യാസ വകുപ്പ് |

പ്രസ്തുത ജീവനക്കാരെ, അന്യത്ര സേവനം അവസാനിപ്പിച്ച് തിരികെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്യണമെന്ന അവരുടെ അപേക്ഷയിൻമേൽ, നവകേരളം കർമപദ്ധതിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം നവകേരളം കർമ്മ പദ്ധതി II അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, മേല്പറഞ്ഞിട്ടുള്ള ജീവനക്കാരെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്യുന്നതിന് നവകേരളം കർമ്മ പദ്ധതി II അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീന ജെ പി

ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Devi K G

Date: 29-05-2026 16:12:16

സെക്ഷൻ ഓഫീസർ

ബന്ധപ്പെട്ട വ്യക്തികൾക്ക് (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമ്മപദ്ധതി-II മുഖേന)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമ്മപദ്ധതി-II, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, ആരോഗ്യകുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.

ഡയറക്ടർ, കോളേജിയേറ്റ് എഡ്യൂക്കേഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്